പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3543 | 18.02.2013 ൽ മറുപടിയ്ക്ക് |
|---|---|
| **മാതൃകാ അംഗനവാടികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി** | |
| **ചോദ്യം** | **ഉത്തരം** |
| ശ്രീ. പി. കെ. ഗുരുദാസൻ<br>'' എ. എം. ആരിഫ്<br>'' എ. പ്രദീപ് കുമാർ<br>ശ്രീമതി കെ. എസ്. സലീഖ | ഡോ. എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും<br>വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് എല്ലാ മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ സ്ഥാപിക്കാനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; മാതൃകാ അംഗനവാടിയെ സംബന്ധിച്ച് വിശദമാക്കാമോ; | (എ) ഉണ്ട്. 140 നിയോജക മണ്ഡലങ്ങളിലും നിലവിലുള്ള ഓരോ അംഗനവാടിയെ മാതൃകാ അംഗൻവാടിയായി ഉയർത്താൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. സ്വന്തമായി 10 സെന്റ് സ്ഥലവും എം.എൽ.എ യുടെ ഫണ്ടും ലഭ്യമാകുന്നവയെയാണ് ഇതിനായി തെരഞ്ഞെടുക്കുന്നത്. |
| (ബി)ഇതിന് മാത്രമായി ബഡ്ജറ്റിൽ, തുക വകയിരുത്തുകയുണ്ടായോ; എന്തു തുക വിനിയോഗിച്ചു; | (ബി) 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2235-02-102-69(പി) ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള 100 കോടി രൂപയിൽ കേന്ദ്ര സർക്കാർ സപ്ളിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാമിന് കേന്ദ്രസഹായമായി അനുവദിച്ചിട്ടുള്ള 50% തുകയിൽ നിന്നും സാമൂഹ്യനീതി ഡയറക്ടറുടെ TSB അക്കൗണ്ടിലേക്ക് നിക്ഷേപിച്ചിട്ടുള്ള 5452.49 ലക്ഷം രൂപയാണ് മാതൃകാ അംഗൻവാടി കെട്ടിടനിർമ്മാണത്തിനുള്ള ഒരു ഭാഗം ഫണ്ടായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നത്. ഒരു മാതൃകാ അംഗൻവാടിയുടെ അടങ്കൽ തുക 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ ഈ ഫണ്ടിൽ നിന്നും 6.75 ലക്ഷം രൂപ എം.എൽ.എ യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും തുകയൊന്നും വിനിയോഗിച്ചിട്ടില്ല. |
| (സി)എല്ലാ മണ്ഡലങ്ങളിലും മാതൃകാ അംഗനവാടികൾ നിലവിൽ വന്നിട്ടുണ്ടോ ; വിശദമാക്കാമോ? | (സി) മാതൃകാ അംഗൻവാടി നിർമ്മാണത്തിനുള്ള ശുപാർശ സമർപ്പിക്കാൻ എല്ലാ എം.എൽ.എ മാരോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച ശുപാർശകളിൽ, നിശ്ചിത മാനദണ്ഡങ്ങൾ പ്രകാരം 57 അംഗൻവാടികളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനം കിറ്റ്കോ-യെ ഏൽപ്പിക്കുന്നതിനുള്ള കരാർ ഒപ്പുവച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ